## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 551 | 04/02/2020 ൽ മറുപടിക്ക്

## കരകൗശല വ്യവസായ മേഖലയുടെ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കൃഷ്ണൻ<br>ശ്രീ. സി.കെ. ഹരീന്ദ്രൻ<br>ശ്രീ. എം. മുകേഷ്<br>ശ്രീ. യു. ആർ. പ്രദീപ് | ശ്രീ. ഇ. പി. ജയരാജൻ<br>(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കരകൗശല വ്യവസായ മേഖലയുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന പ്രധാന ഏജൻസികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) കേരളാ കരകൗശല വികസന കോർപ്പറേഷൻ, കേരളാ കരകൗശല അപ്പക്സ് സഹകരണ സംഘം (സുരഭി), കേരളാ ആർട്ടിസാൻസ് വികസന കോർപ്പറേഷൻ (കാഡ്കോ), കേരളാ പനയുൽപ്പന്ന വികസന ക്ഷേമ കോർപ്പറേഷൻ (കെൽപാം), കേരളാ ബാംബൂ കോർപ്പറേഷൻ എന്നിവയാണ് കരകൗശല വ്യവസായ മേഖലയുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന പ്രധാന ഏജൻസികൾ. |
| (ബി) കരകൗശല ഉല്പന്നങ്ങളുടെ വിപണനത്തിന് കേരള കരകൗശല വികസന കോർപ്പറേഷൻ ഓൺലൈൻ ഷോപ്പിംഗ് പോർട്ടൽ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) ഉണ്ട്. ഓൺലൈൻ വ്യാപാരത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി കോർപ്പറേഷൻ KAIRALI – HANDICRAFTS (www.keralahandicrafts.in) എന്ന പേരിൽ സ്വന്തമായി ഇ-കോമേഴ്സ് വെബ്സൈറ്റ് ആരംഭിച്ചു. കൂടാതെ ആമസോൺ, ഫ്ളിപ്കാർട്ട്, ജി.ഇ.എം (Government E Marketplace) എന്നീ ഇ-കോമേഴ്സ് പോർട്ടലുകളിൽ ഓൺലൈൻ സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) കരകൗശല തൊഴിലാളികൾക്ക് ആധുനിക സാങ്കേതികവിദ്യ അനുയോജ്യമായ രീതിയിൽ പ്രയോജനപ്പെടുത്തുന്നതിനും പുതിയ ഡിസൈനുകൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നതിനും ഡിസൈൻ, ടെക്നോളജി ശിൽപശാലകൾ നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) ഉണ്ട്. പരമ്പരാഗത തൊഴിലാളികൾക്ക് ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനും പുതിയ ഡിസൈനുകൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നതിനുമായി തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, ഇടുക്കി, വയനാട്, കണ്ണൂർ എന്നിവിടങ്ങളിലായി കരകൗശല വികസന കോർപ്പറേഷൻ 9 ഡിസൈൻ - ടെക്നോളജി വർക്ക്ഷോപ്പുകൾ പൂർത്തിയാക്കുകയുണ്ടായി. കരകൗശല അപ്പക്സ് സഹകരണ സംഘത്തിന്റെ ആഭിമുഖ്യത്തിൽ പുതിയ ഡിസൈനുകൾ വികസിപ്പിച്ചെടുക്കാനുള്ള പദ്ധതിയ്ക്ക് ഭരണാനുമതി ലഭിക്കുകയുണ്ടായി. |

| | |
|---|---|
| (ഡി) കരകൗശല തൊഴിലാളികൾക്ക് ഉല്പാദന യൂണിറ്റ് ആരംഭിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നതെന്ന് അറിയിക്കാമോ; വിശദവിവരം വെളിപ്പെടുത്താമോ? | (ഡി) പരമ്പരാഗത കൈത്തൊഴിൽ മേഖലകളായ മരപ്പണി, ഇരുമ്പുപണി, സ്വർണ്ണപ്പണി, ചെമ്പ്-ഓട്ടുപാത്ര നിർമ്മാണം, മൺപാത്രനിർമ്മാണം, കെട്ടിട നിർമ്മാണം മുതലായവയിൽ പണിയെടുക്കുന്ന ആർട്ടിസാൻമാരുടെ ഉന്നമനത്തിനായാണ് കേരളാ ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപറേഷൻ പ്രവർത്തിക്കുന്നത്. കൈത്തൊഴിൽ മേഖലയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനും മരപ്പണിയിൽ ഏർപ്പെട്ടിരിക്കുന്ന ആർട്ടിസാൻമാർക്ക് നൂതന സാങ്കേതിക വിദ്യയും ആധുനിക യന്ത്രസാമഗ്രികളും ഉപയോഗപ്പെടുത്തി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് പൊതുസേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ സ്കൂളുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി നോഡൽ ഏജൻസി എന്ന നിലയ്ക്ക് നിരവധി മരപ്പണിക്കാർ, ഇരുമ്പപണിക്കാർ, കൽപ്പണിക്കാർ എന്നിവർക്ക് തൊഴിൽ ലഭ്യത നൽകിവരുന്നു. കൂടാതെ കാഡ്കോവിനു കീഴിൽ കേരളത്തിലെ ആർട്ടിസാൻമാരുടെ സമഗ്രവിവരശേഖരണം നടത്തി " ഡാറ്റാബാങ്ക് " തയ്യാറാക്കി വിവിധ മേഖലകളിലെ തൊഴിലവസരങ്ങൾ ഉപയോഗ പ്രദമാക്കുന്നതിന് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

Radhakh

സെക്ഷൻ ഓഫീസർ